# അദ്ധ്യായം -18

ലോകത്തിന്റെ ഇന്നത്തെ പോക്കു കണ്ടിട്ട് ഒരു ഏകാധിപത്യ ഭരണകൂടം ലോകത്തിൽ സ്ഥാപിതമാകുവാനുള്ള കാലം ആസന്നമായിരിക്കുന്നു എന്ന് പലരും കരുതുന്നു.വചനം പറയുന്നത് ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും നാശയോഗ്യനും , അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും ചെയ്യുമെന്നാണ്.ബാബിലോൺ ആത്മീയഅധപതനത്തിൽ വീണുകഴിഞ്ഞു.(അദ്ധ്യായം -17) . ആതാമീയഅധഃപ്പതനത്തിലേക്ക് അവളെ നയിച്ച പത്ത് രാജാക്കൻമാർക്ക് അതിൽ ഒരു ദുഃഖവും കാണുന്നില്ല. ധാർമ്മീക അധഃപതനം അധാർമ്മികതയിലേക്ക് നയിക്കുന്നു. ഇത് വ്യക്തികളുടെ , കുടുംബത്തിന്റെ , ദേശത്തിന്റെ തകർച്ചയ്ക്ക് കാരണമാകുന്നു.

**(വിശ്വാസത്യാഗം സഭയിൽ സംഭവിച്ചിരിക്കുന്ന കാലത്താണ് നാം ഇന്ന് ജീവിക്കുന്നത്.)**

അദ്ധ്യായം -18 ൽ മഹതിയാം ബാബിലോൺ പട്ടണത്തിന്റെ വീഴ്ചയാണ് യോഹന്നാൻ നൽകുന്നത്.ഉദാഹരണമായി ഉല്പ:(13:9-13) ൽ ലോത്ത് തന്റെ കൂടാരം സോദോമിനോട് ചേർത്തു അടിച്ച് അവിടെ താമസവുമാക്കി. അധികം താമസിയാതെ സോദോം അവനിലേക്ക് പ്രവേശിക്കുകയും സ്വന്തം കുടുംബത്തിൽപോലും സാക്ഷ്യം നഷ്ടപ്പെടുകയും ചെയ്തു. സോദോമിന്റെ മേലുണ്ടായ ന്യായവിധി ഭയങ്കരമായിരുന്നു. ദൈവത്തെ മറക്കുന്നവർക്ക് താല്ക്കാലിക മാനവും ധനവും ലഭ്യമായി. എന്നാലത് ക്ഷണികമാണെന്ന് മറക്കരുതേ. ലോകത്തോടുള്ള
വേർപാട് സൂക്ഷിച്ച് കൂടാരമടിച്ചിടത്തെല്ലാം യാഗപീഠം പണിഞ്ഞ അബ്രഹാമിനെ ദൈവം മാനിച്ചു അനുഗ്രഹിച്ചു.

ഈ അദ്ധ്യായത്തിൽ മഹതിയാം ബാബിലോണിന്റെ ജഢീകലൗകീക സ്വഭാവത്തെ കാണിക്കുന്നു.സ്ത്രീ തന്നെ നഗരമാകുന്നു എന്ന് ദൂതൻ യോഹന്നാനെ ഗ്രഹിപ്പിച്ചിരിക്കുന്നു. (വെളി :17:18) നഗരം എന്ന നിലയിലും ആത്മീകമായി ഇരിക്കേണ്ടവൾ ആക്ഷരീകമായി ഏറ്റവും ദുഷിച്ച പട്ടണമായി മാറി.ഈ വാണിജ്യ നഗരത്തിന്റെ നാശം കണ്ട് സാമ്പത്തീക ലോകം വിലപിക്കുന്നതായി ഇവിടെ കാണുന്നു. (ആത്മീക നഷ്ടം വിഷയമല്ലാത്ത ലോകത്തിന് ധന നഷ്ടം വിലാപ വിഷയമാകും ഉദാ: അ:പ്ര: (16:16:18)

ഉറക്കെ വിളിച്ചു പറയുന്ന ഒന്നാമത്തെ ശബ്ദം ആരുടേത്? - വെളി :(18:1)

ഭൂമിയെ പ്രകാശിപ്പിച്ച സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ വലിയ അധികാരമുള്ള ദൂതന്റെ പ്രഖ്യാപനം എന്തായിരുന്നു ? വെളി :(18:2)

((പ്രത്യേകതയുള്ള ദൂതൻമാർ - മത്താ (28:3)വെളി :(10:1)

“She is destroyed! The great city of Babilon is destroyed”

വീണുപോയി (destroyed) എന്ന ഇരട്ടപ്രഖ്യാപനം കാര്യത്തിന്റെ ഉറപ്പിനേയും , ഉടനെ നടക്കുന്നു എന്നതിനേയും കാണിക്കുന്നു. She (Babilon) has become a home for demons and unclean birds and animals . (demons means evil spirits from the devil)

Read- വെളി :(9:14)

യെശ: (13:21)

എല്ലാവിധ അശുദ്ധാത്മാക്കളും, സകലദേവൻമാർക്കുമുള്ള ക്ഷേത്രങ്ങളും , പൂജകളും പണ്ടും ഉണ്ടായിരുന്നു എന്നതിന്റെ തെളിവ് .

ദാനി :(3:1) ഉം (5:4) ഉം പരിശോധിച്ചാൽ അറിയാവുന്നതാണ്. അധാർമ്മീത വർദ്ധിച്ചപ്പോൾ കടന്നു കൂടിയ മ്ലേച്ഛതകൾ - വെളി :(18:3)

ഭൗമീകാഭിവൃദ്ധിയും , തീൻപുളപ്പും വർദ്ധിച്ച് വ്യഭിചാരവും , ദുഷ്ടതയും വർദ്ധിക്കുന്നു. മ്ലേച്ഛത ഉള്ളിടം ആകർഷിക്കും . തന്മൂലം വാണിജ്യവ്യവസായിക മേഖലകളിൽ പുരോഗമനം ഉണ്ടാകുന്നു. സ്വർണ്ണ പാത്രത്തിലെ മ്ലേച്ഛതയാൽ ആകർഷിക്കപ്പെട്ടവരുടെ ഗമനാഗമനം മ്ലേച്ഛത പടരുവാൻ കാരണമാകുന്നു. അതായത് അവളുടെ പുളപ്പിനാൽ അനേകർ വാണിജ്യ , വ്യവസായിക മേഖലകളിൽ സമ്പന്നരായിത്തീർന്നു. എതിർക്രിസ്തുവിന്റെ സാർവ്വലൗകീക സ്വാധീനതയാൽ ബാബിലോൺ ആകാശം , കര, കടൽ മാർഗ്ഗമെത്താവുന്ന ഒരു വ്യാപാര കേന്ദ്രമായി മാറി.

വീണ്ടും കേട്ടശബ്ദം ആരുടേത്? എന്തായിരുന്നു നിർദ്ദേശം? വെളി :(18:4,5)

(സിംഹാസനസ്ഥൻ - വെളി :(4:2)

എന്റെ ജനമായുള്ളോരേ............... എന്ന് വിളിച്ചതാരെ?

സഭ എടുക്കപ്പെട്ട ശേഷം രക്തസാക്ഷികളായി അനേകരുടെ ആത്മാക്കൾ സ്വർഗ്ഗത്തിലെത്തി എന്ന് വെളി :(6:9-11) വരെയുള്ള ഭാഗം വായിച്ചാൽ കാണാവുന്നതാണ്. ശേഷിച്ച ചിലർ ഈ മഹാപീഢനകാലത്ത് ഭൂമിയിലുണ്ട് . അവർ സൂക്ഷിച്ചുകൊള്ളണമെന്നുള്ള കല്പനയാണിത്.ഇത് നമ്മോടുമുള്ള നിർദ്ദേശമാണെന്നറിവാൻ വായിക്കുക.

(2 കൊരി :(6:16,17), യിരെ (51:6-9), യിരെ (51:45),

ദൈവം ഓർത്തു എന്നാൽ ദൈവം കണക്കിലെടുത്തു എന്നാണ്.

## <u>ദൈവികന്യായവിധിയുടെ കാരണങ്ങൾ</u>

1. ദൈവത്തെകൂടാതെയുള്ള ഉയർച്ച ന്യായവിധിക്കു കാരണമായി.

Read - യിരെ (51:29) യെശ : (30:1,2)

2. അവളുടെ അഹങ്കാരം (നിഗളം) നാശത്തിന് കാരണമായി വെളി :(18:7)

ഉദാഹരണം - ദാനി (4:29-33), ദാനി (5:22-28)

രാജ്ഞി എന്ന് പറഞ്ഞ് അഹങ്കരിപ്പാൻ കാരണം ബാബേൽ എതിർക്രിസ്തുവിന്റെ മണവാട്ടിയാണ്. പ്രതികാരം ചെയ്യുവാനുള്ള നിർദ്ദേശം -വെളി :(18:6)

Read - യിരെ(50:14,15)

ദൈവജനം പ്രതികാരം ചെയ്യുന്നില്ല.എന്നാലവരുടെ നിലവിളി സ്വർഗ്ഗത്തിലെത്തിച്ചേരുമ്പോൾ ദൈവം പ്രതികാരം ചെയ്യുന്നു.

ബാബിലോന്റെ മേലുണ്ടായ ന്യായവിധി എന്ത് ? വെളി : (18:10)

മറ്റൊരു ഉദാ : - ഉല്പ (18:20,21) (19:13), (23:28)

അവളുടെ ന്യായവിധി ഏതുവിധം ? വെളി : (18:19, 11-16)

ദൂരത്തുനിന്നു കരഞ്ഞവർ നഗരം കത്തുന്നതു കണ്ട് വിലപിക്കുന്നു. -വെളി : (18:17-19)

(മറ്റൊരു ഉദാ: ഉല്പ (19:24, 27-28)

കരഞ്ഞവർ പൂഴിവാരി.യിട്ട് നിലവിളിച്ചു ഇത്രയും പെട്ടെന്നുള്ള നാശം കണ്ടിട്ടും മാനസാന്തരപ്പെട്ട് മനം തിരിയുവാൻ ആരും ആഗ്രഹിച്ചില്ല. സുവിശേഷത്തിന് ഇവിടെ സ്ഥാനമില്ല പശ്ചാത്താപമില്ലാത്ത നിലവിളി ഗുണകരമല്ല.

(നിനെവേക്കാർ നാല്പതു ദിവസംകഴിഞ്ഞ് ഉന്മൂലമാകുന്ന ദേശത്തിനായി എന്തുചെയ്തു വായിക്കുക----- യോന (3:5-10)

സ്വർഗ്ഗത്തോട് ചേർന്ന്, പ്രതികാര നടപടി കണ്ട് സന്തോഷിക്കേണ്ട മൂന്ന് കൂട്ടർ ആരെല്ലാം ?

വെളി : (18:20)

ഈ പ്രതികാര നടപടി അവൾക്ക് നേരിടേണ്ടതായി വന്നതിന്റെ കാരണം - വെളി : (18:24)

ശക്തനായ ദൂതൻ ഈ പട്ടണത്തിന്റെ വീഴചയെ ചിത്രീകരിച്ച വിധം - വെളി : (18:22,23)

ഈ നായായവിധി നടക്കും നിശ്ചയം

## ബാബിലോണിന്റെ അവസ്ഥ അന്നും ഇന്നും

ന്യായമായി പഠിതാക്കളിൽ ഉണ്ടാകാവുന്ന ഒരു ചോദ്യമാണ് ആക്ഷരീക ബാബിലോൺ ഇന്നില്ലല്ലോ, പിന്നെ എങ്ങനെ പ്രവചനം നടക്കും . ഓർക്കുക - ആസന്നഭാവിയിൽ ഇത് പണിയപ്പെടും . ചില പ്രവചനങ്ങൾ നടന്നു. മറ്റുചിലത് നടന്നേ മതിയാകൂ. കാരണം പരിശുദ്ധാത്മാവ് കളവ് പയുന്നില്ല.

പുരാതന ബാബിലോൺ നിമ്രോദിന്റെ കാലത്താരംഭിച്ചു. നെബുഖദ്നസ്സേറിന്റെ കാലത്ത് അതിന്റെ പ്രതാപത്തിന്റെ അത്യുച്ഛകോടിയിലെത്തി. ഹെരോഡോട്ടസ് ഈ പട്ടണത്തെപ്പറ്റി രേഖപ്പെടുത്തിയ വിവരങ്ങൾ അതിനുള്ള തെളിവാണ്. പട്ടണത്തിനുചുറ്റും പടുകൂറ്റൻ ഇഷ്ടികമതിൽ

, പ്രസ്തുത ഇഷ്ടിക ഓരോന്നിലും രാജാവിന്റെ പേർ അച്ചടിച്ചിരുന്നു. ഈ ചുറ്റുമതിലിൽ ആറ് രഥങ്ങൾ ഒന്നിച്ച് തെളിയിക്കുവാനുള്ള വീതി ഉണ്ട്. മതിലിനു ചുറ്റും യൂഫ്രട്ടീസ് നദിയിലെ വെള്ളം നിറച്ച ആഴമുള്ള കിടങ്ങുകൾ ഉണ്ടായിരുന്നു.ഈ നദി പട്ടണത്തെ രണ്ടായി തിരിച്ചിരുന്നു.

ഇവയെ യോജിപ്പിപ്പാൻ പാലവും അതിന്റെ രണ്ടറ്റത്തും ഓരോ കൊട്ടാരങ്ങളും ഉണ്ടായിരുന്നു. ഇതിലൊരു കൊട്ടാരത്തിനു സമീപം ബാലിന്റെ ഗോപുരവും ഉണ്ടായിരുന്നു. ഈ കൊട്ടാരങ്ങളെ യോജിപ്പിക്കുവാൻ നദിയുടെ അടിയിലൂടെ തുരങ്കവും , തുരങ്കത്തിനുള്ളിൽ വിരുന്നുശാലയുമുണ്ട്. തൂക്കുവനം സപ്താത്ഭുതങ്ങളിൽ ഒന്നായിരുന്നു. രാജാവ് ഇത് തന്റെ ഭാര്യയെ സന്തോഷിപ്പിക്കുവാൻ പണികഴിപ്പിച്ചതാണ്.

ബാബിലോണിന്റെ ആദ്യ മഹത്വം ദാനിയേലിന്റെ പുസ്തകത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. അതിന്റെ അന്തിമ മഹത്വവും നാശവും വെളിപാട് പുസ്തക പഠിതാവിന് മനസ്സിലാക്കാവുന്നതാണ്.

## ബാബിലോണിന്റെ ഇന്നത്തെസ്ഥിതി

എത്ര മനോഹരമായ പട്ടണമായാലും ദൈവത്തെ ത്യജിച്ച് നിഗളിക്കുന്നവർക്ക് ശിക്ഷയുണ്ടാകും എന്ന് വിളിച്ചറിയിക്കുന്നതാണ് പട്ടണത്തിന്റെ അവസ്ഥ. നെബുഖദ്നസ്സേർ, ബേൽശസ്സർ, ദാര്യാവേശ്, കോരശ് എന്നിവരുടെ കൈകളിൽനിന്ന് അലക്സാണ്ടർ ചക്രവർത്തിയുടെ കൈകളിലെത്തിയ ദേശം ക്രമേണ തകർന്നു. ദാനിയേൽ പ്രവചനം ഇത് ചൂണ്ടിക്കാണിക്കുന്നു.

ക്രിസ്തുസഭ ക്രിസ്താബ്ദം ഒന്നാം നൂറ്റാണ്ടിൽ അവിടെ ഉണ്ടായിരുന്നു എന്ന് പത്രോ : (5:13)ൽ നിന്നി മനസ്സിലാക്കാം.

യെശ : (13:21-22), യിരെ :(50:40),യിരെ :(51:25,26). ഈ വേദഭാഗങ്ങൾ തകർച്ചയുടെ അടയാളങ്ങളാണ്. അദ്ധ്യായം 18 ലെ സംഭവം നടക്കണമെങ്കിൽ ഈ പട്ടണം പണിതേ മതിയാകുകയുള്ളൂ. 1971 മാർച്ച് 29 ന് ഇറാക്ക് ന്യൂസ് ഏജൻസിയുടെ റിപ്പോർട്ട് പ്രകാരം പുനരുദ്ധരിപ്പാൻ ശ്രമിച്ചു എന്നു കാണാം. ഒരിക്കൽ ബാബിലോൺ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന ഇറാക്കിൽ ഈ പട്ടണത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും ടൂറിസ്റ്റുകളെ ആകർഷിക്കുന്നു. യഥാർത്ഥ ശില്പകലയോടുതന്നെ വീണ്ടും പണിയുമെന്ന് Associate press agency റിപ്പോർട്ടു ചെയ്തിരുന്നു. പുനരുദ്ധരിക്കപ്പെടുന്ന ബാബിലോൺ ലോകത്തിലേക്കും വലിയ ഒരു ഹൈടെക്ക് വാണിജ്യനഗരമായിരിക്കും. ലോകത്തിലുള്ള സകലചരക്കുകളും വാണിജ്യ വസ്തുക്കളായി അവിടെ എത്തും. അതായത് ഇതിന്റെ വീഴ്ച ഭയങ്കരമായിരിക്കും